# വിരൽത്തുമ്പിലെ

# വിസ്മയം



ജി ഇ എം ജി എച്ച് എസ്

ശാന്തിഗ്രാം


Little KIITEs
ലിറ്റിൽ കൈറ്റ്സ്
ഐ.ടി. ക്ലബ്ബ്
നമ്പർ LK / 2018 / 30084
ഗാന്ധിജി ഇംഗ്ലീഷ്മീഡിയം ഗവ:ഹൈസ്കൂൾ
ശാന്തിഗ്രാം, ഇടുക്കി
04868256490






GANDHIJI ENGLISH MEDIUM GOVT. HIGH SCHOOL




# GANDHIJI ENGLISH MEDIUM GOVERNMENT HIGH SCHOOL
## SANTHIGRAM
*Idukki Dist., Kerala, PIN: 685 514*
*Phone No: 04868-256490*
*Email: gandhijischoolhs@gmail.com*


Place: ശാന്തിഗ്രാം

Date: 17-01-2020

വിരൽത്തുമ്പിലെ വിസ്മയം.

ശാന്തിഗ്രാം ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവ. ഹൈസ്കൂൾ
9.10 ക്ലാസ് ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കിയ
"വിരൽത്തുമ്പിലെ വിസ്മയം."
കുട്ടികളുടെ ഭാവനയെ വളർത്തുന്ന
വിവരസാങ്കേതിക വിദ്യയിൽ പ്രാഗത്ഭ്യം നേടിക്കൊടുക്കുന്ന
മഹനീയ സംരംഭം.
ഇതിനുവേണ്ടി പ്രവർത്തിച്ച എല്ലാ കുട്ടികൾക്കും
നേതൃത്വം നൽകിയ കൈറ്റ്സ് മാസ്റ്റർമാരായ
രഞ്ജു വർഗ്ഗീസ്, ലിസി. കെ. തോമസ് എന്നിവർക്കും
ഒരായിരം ഭാവുകങ്ങൾ.

GANDHIJI ENGLISH MEDIUM GOVT. HIGH SCHOOL SANTHIGRAM

HEADMASTER
GANDHIJI ENGLISH MEDIUM
GOVT. HIGH SCHOOL
SANTHIGRAM

Scanned with CamScanner

*2018-19 അധ്യായനവർഷം ലിറ്റിൽ കൈറ്റ്സിൻെറ ഭാഗമായി ഒൻപതാം ക്ലാസ്സിലെ കുട്ടികൾ തയാറാക്കിയഡിജിറ്റൽ മാഗസിനാണ് " വിരൽത്തുമ്പിലെ*

*വിസ്മയം" . ഈ മാഗസിൻെറ അണിയറയിൽ പ്രവർത്തിച്ച എല്ലാ അധ്യാപകർക്കും*

*ലിറ്റിൽ കൈറ്റ്സ് മാസ്റ്റർമായ ശ്രീ രഞ്ചു സാറിനും , ശ്രീമതി ലിസി ടീച്ചറിനും എല്ലാ വിദ്യാർത്ഥി സുഹൃത്തുക്കൾക്കുമുള്ള നന്ദി ഈ അവസരത്തിൽ അറിയിച്ചുകൊണ്ട് " വിരൽത്തുമ്പിൻ വിസ്മയം" നിങ്ങൾക്കുമുന്നിൽ സമർപ്പിക്കുന്നു.*

# ഉള്ളടക്കം

1 കണ്ണീരിലാഴ്ത്തിയൊരാ പ്രളയം
2 ഇന്ത്യയെക്കുറിച്ച്
3 ചോദ്യോത്തരങ്ങൾ
4 ത്തുചേരലാണ് ജീവിതത്തിലേയ്ക്കുള്ള ചവിട്ടുപ്പടി
5 പരിപ്പൂര
6 മതം വിഴുങ്ങുന്ന മനുഷ്യൻ
7 തുടിതാളം തേടി
8 എന്റെ ഭാഷ
9 അധ്വാനിക്കാതെ ജീവിച്ചാൽ
10 പോകണതാരാ?
11 കാട്ടുപ്പൂവ്
12 ഗാന്ധിജി
13 നിലാവ്
14 കാർട്ടൂൺ
15 പ്രണയ സ്വപ്നം
16 നനാർത്ഥങ്ങൾ
17 പക്ഷികൾ
18 കടം കഥകൾ
19 ഒരുമയുടെ മഹത്വം
20 വണ്ടി തീവണ്ടി
21 പഴഞ്ചൊല്ലുകൾ
22 plant trees



# കണ്ണീരിലാഴ്ത്തിയൊരാ പ്രളയം

ചിന്തിക്കുന്നുണ്ടോ മക്കളെ നിങ്ങൾ
മനുഷ്യ ഗണങ്ങളെ കണ്ണീരിലാഴ്ത്തിയൊ -
രാപ്രളയത്തിൻ തൻ താളം

കാടും,മലയും,പുഴയും
വെട്ടിപ്പിടച്ച് പാഞ്ഞടുത്തൊരാ
പ്രളയം........

തൻ താപത്താൽ രുദ്രയായി
മാറി നിഷ്ക്കളങ്കം
ദരിദ്രരാം പാവങ്ങൾതൻ

കൃഷിയിടം സാഗരമായി തീർത്തു
തൻ തിരകളാൽ മണ്ണും മരവും
ഒഴുക്കിയവളാ പ്രളയം.........

അനലനായി മാറിയൊരാ  പ്രളയത്തെ
ജാതി,മത,വർഗ്ഗ,ഭേതമെന്യേ
നാം ചെറുത്തുനിന്നു.

മനുഷ്യർ തൻ ക്രൂരപീഡനം
സഹിക്കവയ്യാതെപ്രകൃതിയാം അമ്മ
പൊട്ടിക്കരഞ്ഞതാണാ  പ്രളയം.........

തയ്യാറാക്കിയത് :

ട്രീസ ജെയിംസ്,നിയ ബിനു

# ഇന്ത്യയെക്കുറിച്ച്

## ചോദ്യങ്ങൾ ...

1. ഇന്ത്യയുടെ തലസ്ഥാനം?
2. ഇന്ത്യയിൽ സംസ്ഥാനങ്ങൾ?
3. ഇന്ത്യ ആക്രമിച്ച ആദ്യത്തെ വിദേശി?
4. ഇന്ത്യയിലെ ആദ്യത്തെ ഗവർണർ ജനറൽ?
5. ഇന്ത്യയുടെ ദേ ശീയ മരം?
6. ഇന്ത്യയുടെ ദേശീയ മൃഗം?
7. ഇന്ത്യയിലെ സ്വിറ്റ്സർലൻഡ് എന്നറിയപ്പെടുന്ന നഗരം?
8. ഗാന്ധിജി ജനിച്ച സമുദായം?
9. ഇന്ത്യയുടെ ദേശീയ ഗാനം?
10. ഇന്ത്യയുടെ പൂന്തോട്ടം?
11. ഇന്ത്യയുടെ പൂന്തോട്ട നഗരം?
12. ഇന്ത്യയെ പാകിസ്ഥാനുമായി വേർതിരിക്കുന്ന അതിർത്തിരേഖ?
13. ഇന്ത്യയെ ചൈനയുമായി വേർതിരിക്കുന്ന അതിർത്തിരേഖ?
14. ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രി?
15. ഇന്ത്യയുടെ ആദ്യത്തെ പ്രസിഡന്റ്?

# ഉത്തരങ്ങൾ ....

1. ന്യൂ ഡൽഹി
2. 29
3. സൈറസ് രണ്ടാമൻ
4. ലൂയി മൗണ്ട് ബാറ്റൺ
5. ബനിയൻ
6. കടുവ
7. കാശ്മീർ
8. ബനിയ
9. ജനഗണമന
10. കാശ്മീർ
11. ബാംഗ്ലൂർ
12. റാഡ് ക്ലിഫ് രേഖ
13. മക്മഹോൺ രേഖ
14. ജവഹർലാൽ നെഹ്റു
15. ഡോ രാജേന്ദ്ര പ്രസാദ്

# ചോദ്യോത്തരങ്ങൾ

## ചോദ്യങ്ങൾ...

1. 'പച്ച സ്വർണ്ണം ' എന്നറിയപ്പെടുന്ന കാർഷിക വിള ?
2. പഴശ്ശിരാജ സ്മാരകം സ്ഥിതിചെയ്യുന്നതെവിടെ ?
3. തേനീച്ചക്കൂട്ടിൽ മുട്ടയിടുന്ന പക്ഷി ?
4. കേരളത്തിലെ ഏറ്റവും നീളം കൂടിയ ബീച്ച്?
5. ചന്ദ്രനിലെ ഏറ്റവും വലിയ ഗർത്തം ?
6. കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനം ?
7. തുഞ്ചൻ സ്മാരകത്തിന്റെ ആസ്ഥാനം ?
8. 'സ്വർഗീയ ഫലം' എന്നറിയപ്പെടുന്നത്?
9. തലയിൽ ഹൃദയമുള്ള ജീവി ?
10. ലോകത്തിലെ ഏറ്റവും ചെറിയ പുഷ്പം ?
11. കെരളത്തിലെ ആദ്യത്തെ ജലവൈദ്യുത പദ്ധതി ?
12. തപാൽ സ്റ്റാമ്പിൽ ഇടംനേടിയ ആദ്യത്തെ കേരളീയൻ ?
13. കമ്പ്യൂട്ടർ സയൻസിന്റെ പിതാവാര്?
14. 'കേരളപാണിനി ' ആര് ?
15. കേരളത്തിലെ ഏറ്റവും വിസ്തീർണം കൂടിയ ഗ്രാമപഞ്ചായത്ത് ?

# ഉത്തരങ്ങൾ ....

1. വാനില
2. മാനന്തവാടി [വയനാട്]
3. പൊൻമാൻ
4. മുഴപ്പിലങ്ങാടി ബീച്ച്
5. ബെയ്‌ലി ഗർത്തം
6. തൃശ്ശൂർ
7. തിരൂർ
8. കൈതചക്ക
9. ചെമ്മീൻ
10. വുൾഫിയ
11. പള്ളിവാസൽ
12. ശ്രീ നാരായണഗുരു
13. അലൻ ട്യൂറിങ്
14. എൻ ആർ രാജരാജവർമ്മ
15. കുമളി [ഇടുക്കി]

തയാറാക്കിയത് : അഖിൽ

# ഒത്തുചേരലാണ് ജിവിതത്തിലേക്കുള്ള ചവിട്ടുപടി

ഒരിടത്ത് അക്കങ്ങളുടെ ഒരു രാജ്യമുണ്ടായിരുന്നു. ഒിക്കൽ ഒൻമ്പത് എട്ടിനെ അടിച്ചു അപ്പമെട്ട് ചോദിച്ചു നി എന്തിനാ എന്നെ അടിച്ചെ ... അപ്പോൾ ഒൻപത് പറഞ്ഞു നിന്നെക്കാൾ വലുതായ എനിക്ക് എന്നേക്കാൾ ചെറുതായ നിന്നെ അടിക്കാം...

അതുപോലെ തന്നെ എട്ട് ഏഴിനെ അടിച്ചു

അങ്ങനെ അങ്ങനെ എഴ് ആറിനെയും ആറ് അഞ്ചിനേയും അഞ്ച് നാലിനേയും നാല് മൂന്നിനേയും മൂന്ന് രണ്ടിനേയും രണ്ട് ഒന്നിനേയും അടിച്ചു..

ഒന്ന് നോക്കീപ്പം ഒന്നിന് അടിക്കാൻ ആരുമില്ല പൂജ്യത്തിനാണെ വിലയുമില്ല .......

പൂജ്യത്തിനെ അടിച്ചിട്ട് കാര്യമില്ല

അപ്പം നമ്മുടെ ഒന്ന് വിചാരിച്ചു പൂജ്യത്തിനെ തന്റെ ഒപ്പം ചേർത്തുനിർത്താമെന്ന്

അങ്ങനെ ഒന്നും പൂജ്യവും പത്ത് എറ്റവും വലിയ സംഖ്യയായിമാറി...................

ഈ കഥയിൽ നിന്ന് നമുക്ക്

ലഭിക്കുന്ന ഗുണപാഠം നമ്മേക്കാൾ ദുർബലരായ

വരെ നമ്മോട് ഒത്ത് ചേർത്ത് നിർത്തുകയാണെ

ങ്കിൽ നമുക്ക് ജീവിതത്തിതൽ എന്നും മുന്നേറാൻ

സാധിക്കും.................

തയാറാക്കിയത് വിഷ്ണു& ജോയൽ

# പഠിപ്പുര

1.ലോകത്തിലെ ഏറ്റവും വലിയ ആഢംബര കപ്പൽ ?

**ഉ: സിംഫണി ഓഫ് ദ സീസ്സ്**

2.ലോകത്തിലെ ഏറ്റവും വേഗത കൂടിയ കാർ.?

**ഉ: ലേ വെച്യർ നോയർ**

3. പൗരത്യം നേടിയ ആദ്യ യന്ത്ര മനുഷ്യൻ.?

**ഉ : സോഫിയ**

4.ത്രീഡി പ്രന്റിങ്ങിന്റെ പിതാവ് എന്ന് അറിയപ്പെടുന്നതാര്?

**ഉ: ചക്ക് ഹൾ**

5.ലോകത്തിലെ ആദ്യത്തെ ലോക്കോമോട്ടീവ് കണ്ടുപിടിച്ചതാര്.?

**ഉ: റിച്ചാർഡ് ട്രവിത്തിക്ക്**

6.ഇന്ത്യയുടെ ആദ്യത്തെ ഇലട്രിക്ക് കാർ.?

**ഉ : ഇൗ.20**

7.ഫ്രൻസിലെ ബുള്ളറ്റ് ട്രയിൻ എന്ന് അറിയപ്പെടുന്നത്.?

**ഉ : റ്റി. ജി. വി**

8.അസ്ട്രനോട്ടുകളുടെ കൂട്ടുകാരൻ എന്നറിയപ്പെടുന്ന റോബോട്ട്?

**ഉ: ഹീ. റോബോട്ട്**

9.ലോകത്തിലെ ആദ്യത്തെ ത്രഡി പ്രന്റഡ് കാർ.?

**ഉ: ഡൈവേർജന്റ് ബ്ലേയിഡ്**

10.ലോകത്തിലെ ആദ്യത്തെ കാർ കണ്ടപിടിച്ചത്?

**ഉ : കാൾ ബെൻസ്**

**തയാറാക്കിയത് വിഷ്ണു& ജോയൽ**

# മതം വിഴുങ്ങുന്ന മനുഷ്യൻ

മതമില്ലെങ്കിൽ മനുഷ്യന് ജീവിക്കാം

മറ്റനേകം കോടി ജീവികളെപ്പോലെ

പക്ഷേ....

മരവും മണ്ണും ,,,

പുഴയുമില്ലെങ്കിൽ .......?

ഇനിയുമൊരായിരം മതങ്ങളെ

സൃഷ്ടിക്കാൻ നമുക്കാവാം

അതിനാൽ വരും തലമുറയ്ക്കായി

മതമല്ല വായുവും വെള്ളവും നമ്മൾ

സംരക്ഷിക്കേണ്ടത്.

അവനവന്റെയാറടി

മണ്ണിലൊരു,,,,,,,,,

തൈ നട്ടെങ്കിൽ

ഏറുന്ന ചൂടിനൊരറുതിവന്നേനെ.

തയാറാക്കിയത് . വിഷ്ണു& ജോയൽ.

# തുടിതാളം തേടി

നമ്മുടെ  മാതാവു കൈരളി പണ്ടൊരു

പൊന്നമണിപ്പെതലായ്

വാണകാലം

യാതൊരു  ചിന്തയുമില്ലാതെ

കേവലം

ചേതസി തോന്നിയ മാതിരിയിൽ

By

അലൻ

# എന്റെ ഭാഷ

മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം
ചുണ്ടിൻമേലമ്മിഞ്ഞപ്പാലോടൊപ്പം
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടുന്നതൊന്നാമതായ് ?

മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ !
മർത്ത്യന്നു പെറ്റമ്മ തൻ ഭാഷതാൻ
മാതാവിൻവാത്സല്യദുഗ്ദ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണ വളർച്ച നേടൂ ;
അമ്മതാൻതന്നെ പകർന്നു തരുമ്പോഴേ
നമ്മൾക്കമൃതുമമൃതായത്തോന്നൂ .

(വള്ളത്തോൾ നാരായണമേനോൻ)

# അധ്വാനിക്കാതെ ജീവിച്ചാൽ

മഹാമടിയനാണ് ദോലു ഒരു പണിയും ചെയ്യാതെ എങ്ങനെ മൂന്നുനേരവും ഭക്ഷണം കഴിച്ചുജീവിക്കാം എന്ന ചിന്തയാണ് അയാൾക്ക്.

ഒരു ദിവസം ദോലു ഒരു പഴക്കച്ചവടക്കാരൻ്റ കുട്ടയിൽ നിന്നും കുറച്ച് പഴവും എടുത്ത് ഓടി കച്ചവടക്കാരൻ ദോലുവിൻെ പിന്നാലെ ഓടി. പേടിച്ചു പോയ ദോലു അടുത്തുള്ള കാട്ടിലേക്ക് ഓടിക്കയറി കച്ചവടക്കാരന് പിടികൊടുക്കാതെ ദോലു കാട്ടിലൂടെ ഓടി, ഒരു ഗുഹയിൽ കയറി ഒളിച്ചിരുന്നു. കുറേനേരം കഴിഞ്ഞ് ദോലു പതിയെ ഗുഹയിൽ നിന്നും ഇറങ്ങി അപ്പോഴാണ് അയാൾ ഒരു കാഴ്ച കണ്ടത് പിൻകാലുകൾക്ക് സ്വാദിനമില്ലാതെഇഴഞ്ഞിഴഞ്ഞ് വരുന്ന ഒരു കുറുക്കൻ. അതിനെക്കണ്ടപ്പോൾ ദോലുവിന് തോന്നി. കാലുകൾ തളർന്ന ഈ കുറുക്കൻ എങ്ങനെ ഇരതേടി ജീവിക്കും? ശ്രുക്കളുടെ പിടിയിൻനിന്ന് എങ്ങനെ ഓടി രക്ഷപ്പെടും.

പെട്ടെന്ന് ഒരു സിംഹം ഓടിവരുന്നത് ഭോലു കണ്ടു അയാൾ ഒരു മരത്തിൽ ചാടിക്കയറി മറ്റ് മൃഗങ്ങൾ പേടിച്ച്ന നാലുപാടും ഓടി . എന്നാൽ കാലുവയ്യാത്ത കുറുക്കൻ മാത്രം അവിടെത്തന്നെനിന്നു സിംഹത്തിൻെറ വായിൽ ഒരു ഇറച്ചിക്കഷണം ഉണ്ടായിരുന്നു. ഏതോ ജീവിയെ വേട്ടയാടിപ്പിടിച്ച്

തിന്നുകഴിഞ്ഞിട്ട് ബാക്കിവന്ന ഇറച്ചിയായിരുന്നു അത്.

ശ്രുയ നന്ദ സന്തോഷ്

മെബിൽ ബിനോയ്

അതുല്യ രവി

# പോകണതാരാ?

എന്നും  രാവിൽ പാൽക്കുട മേന്തി

വെളുത്തതാരോ   പോകുന്നു

മിഴിച്ചു നിൽപ്പൂ  താരക്കുട്ടികൾ

കൊതി   കൊണ്ട് നോക്കുന്നു!

By

റൊമാൻസ് ഡി

# കാട്ടുപൂവ്

*ചിതറിതെറിക്കുന്ന ചിന്തകളിലെപ്പൊഴും*

*നിന്റെയീ പുഞ്ചിരി ഒന്നുമാത്രം...*

*മഴവില്ല് പോലെ നീ മനസ്സിൽ*

*തെളിയുമ്പോൾ ഉണരുന്ന എന്നിലെ*

*മോഹങ്ങളും കൃഷ്ണതുളസിയും................*

*തയാറാക്കിയത് : രഞ്ജിത്ത്*

# ഗാന്ധിജി

ശഥകപദശകം തികച്ചതാം മഹിത

 മഹാത്മപാവനാം ദേവൻ.

രുദിര വർണ്ണം തെറിച്ച വിരഹമാം

ഭരതമണ്ണിലൂടാകമിച്ച വീ

കുരുതികാട്ടികുഴിച്ചുമറിച്ചൊരു

അഭിനവ നവഘലാലികളിലൂടെ

ഖിന്നരൂപനായി നേർത്ത

നിലവിളി ഹേ റാം,ഹേ റാം

മുഴക്കുന്നു ഗാന്ധിജി നെഞ്ചിലൂറ്റിയൊഴിച്ച

ബുള്ളറ്റുമായി ആർത്താർത്ത് ചിരിക്കുന്ന

ഗോഡ്സെമാർ നേർത്തരോദനം

മാത്രമായി ഗാന്ധി മാഞ്ഞു മാഞ്ഞു  മറന്നു

പോയ്  ഇന്ത്യാ

റുഡിയ,ക്രിസ്റ്റി

# നിലാവ്

നറു ചിരി വിതറാൻ
ചിരിയൊളി പകരാൻ.
വിരുന്നെത്തിയന്നും
വിന്നിൽ നിന്നീ വെണ്ണിലാവ്.

നേരത്തെൻ ചാരത്തായണയും
സഖിയേ....സഖിയേ. (നറു ചിരി)
മണ്ണിന്നിരുളകലാൻ,കണ്ണിൽ
കാഴ്ച്ചകൾ തെളിയാൻ

കനവിൽ നിറയും നിലാവേ
കളിരും കുട്ടായണയും
നിലാ തുവഴകേ.........
നിറ നിലാ കുടവുമായി എന്നുമെൻ
അരികിലണയുമോ സഖിയേ.......

BY
Rohith Madhu

# പ്രണയ സ്വപ്നം

ദൂരെ നിന്നും നിന്നെ കണ്ടതല്ലെ
നിൻ മിഴിയിൽ ഞാൻ അലിഞ്ഞതല്ലേ.
നിൻ കണ്ണിൽ ജ്വലിച്ചതുമത്രേ
നിൻ ശബ്ദഃ മധുരിച്ചതല്ലെ.

ആരും കാണാമൊഴികളിലെ
നിന്നെ ഞാൻ ഓർക്കുന്നതെന്തേ.
ആരും കാണസ്വപ്നത്തിലെത്രേ
നിന്നെ ഞാൻ കണ്ടതുമല്ലെ.
നീ എന്നെ കാണത്തതെന്തേ
നീ എന്നെ അകറ്റുന്നതെന്തേ.

**BY**
**Jomet Bijo**

# നാനാർത്ഥങ്ങൾ

- അംബരം - ആകാശം, ജലം.
- അണ - ചിറ, തലയണ.
- അന്നം - അരയന്നം, ചോറ്.
- ആറ് - നദി, ഒരു സംഖ്യ.
- ആളി - തോഴി, കൂട്ടം.
- കല - മാൻ, വിദ്യ.
- കരം - കൈ, നികുതി.
- കേളി - കളി, കീർത്തി.
- തടി - മരം, ശരീരം.
- ക്ഷീരം - പാൽ, വെള്ളം.

*By, Aleena. s. panicker*

# പക്ഷികൾ - കവിത

പക്ഷികൾ ഒരിക്കലും ദുഃഖിതരല്ല...
ചിറകുകളിൽ  ജീവൻ സുരക്ഷിതമായിരിക്കെ -
ഒന്നും ഭയപ്പെടുന്നുമില്ല.
ചിറകുകൾ തളരുവോളം പറക്കുന്നതിലാണ് -
പക്ഷികൾക്ക് ആനന്ദം.
രാത്രി ഏതു മരച്ചില്ലയിലും -
ചേക്കേറാൻ കഴിയുന്നതാണ്
അവരുടെ സ്വാതന്ത്ര്യം.
ഞാനും ഒരു പക്ഷിയാകാനുള്ള -
തപസ്സിലാണ്.
എന്റെ സ്വപ്നങ്ങളിൽ ഞാൻ -
ചക്രവാളങ്ങൾ നോക്കി
പറക്കുവാൻ തുടങ്ങിയിരിക്കുന്നു.....

*By ,Sethulakshmi*

# കടംകഥകൾ

1. അകം എല്ലം തോലും പുറം പൊന്തം പൊന്തം .
2. അകത്തിരിപ്പോനെ പുറത്ത് കാട്ടും കണ്ണാടി .
3. അകത്തേക്ക പോകുമ്പൾ പച്ച , പുറത്തേക്ക വരുമ്പോൾ ചുവപ്പ് .
4. അകന്നു നിന്നു നോക്കി കാണും കണ്ടതെല്ലാം ഉള്ളിലാക്കും .
5. അകത്തു രോമം പുറത്തിറച്ചി .
6. അകത്തു തിരയിട്ടു പുറത്തു മുട്ടയിട്ടു .
7. അകമില്ലാ പുറമില്ലാ ഞെട്ടില്ലാ വട്ടയില്ലാ .
8. അക്കരെ വീട്ടിലെ പശുവിന് ഇക്കരെ വീട്ടിലെ കുറ്റൻ മുക്രയിട്ടപ്പോൾ ചെന പിടിച്ചു .
9. അക്കരെ നിൽക്കും കൊമ്പൻ കാളയ്ക്ക് അറുപത്തിനാല് മുടിക്കയറ് .
10. അങ്ങേ വീട്ടിലെ മുത്തശ്ശിക്ക് ഇങ്ങേ വീട്ടിൽ മുറ്റമടി .

# ഉത്തരങ്ങൾ

1. വൈക്കോൽത്തുറു .
2. മുഖം .
3. വെറ്റില മുറുക്ക് .
4. ക്യാമറ .
5. മൂക്ക് .
6. കുരുമുളക് .
7. പപ്പടം .
8. ഇടിവെട്ടിയപ്പോൾ കുൺ മുളച്ചു .
9. കുമ്പളവള്ളി .
10. മുളയുടെ തലപ്പ് .

തയാറാക്കിയത് : ഗോവിന്ദ് പി തങ്കച്ചൻ

# ഒരുമയുടെ മഹത്വം

ഒരിടത്ത് നാല് കൂട്ടുകാരുണ്ടായിരുന്നു.

ആമ, മാൻ, കാക്ക, എലി എന്നിവരായിരുന്നു അവർ.

ഒരു നദിയുടെ തീരത്തായിരുന്നു താമസിച്ചിരുന്നത്.

അവർ ഒരൊരുതർക്കും ഒരൊ കഴിവ് ഉണ്ടായിരുന്നു.

ഒരു ദിവസം ഒരു വെട്ടുകരൻ വെച്ച കുരുക്ക്കാരണം

മാൻവലയിൽ പെട്ടു. സുഹൃത്തുകൾ ചേർന്നു

രക്ഷിക്കുന്നതിനിടെ വെട്ടുകരൻ വന്നു.

അവർ ചിതറിഒടി. പട്ടന്ന് വെട്ടുകരൻ ആമയെപിടിച്ചു.

ബക്കി എല്ലവരും രക്ഷപെട്ടു.

അവർ ആമയെ രക്ഷപെടുതനുള്ള വഴി കണ്ടുപിടിച്ചു.

വെട്ടുകരൻ പൊകും വഴി മാൻ വെട്ടുകരന്റെ മുനിൽചടി.

അത്യഗ്രഹിയായ വെട്ടക്കരൻ ആമയെ വിട്ട് മാനിനേ

പിടിക്കാൻ പോയി. ആ സമയത്ത് എലി ആമയെ രെ-

ക്ഷിച്ചു. മാൻ ഒടി രക്ഷപെട്ടു. മണ്ടനായ വേട്ടക്കാരൻ വി-

ട്ടിലെക്ക് തിരിച്ചു പോയി.

മൃഗങ്ങൾ സന്തോഷമയി കാട്ടിൽ

ജിവിച്ചു. അവർക്ക ഒരുമയുടെ മഹതം മനസിലായി. ശുഭം.

***BY ,***

**ആൻഡ്രൂസ് ഉല്ലാസ്**

# വണ്ടീ,തീവണ്ടീ!

പാളത്തിലോടുന്ന തീവണ്ടി
നേരിട്ടു കാണുവാൻ വേണ്ടി
തീവണ്ടിയാപ്പീസു താണ്ടി
ഞാനിന്നു കണ്ടു തീവണ്ടി!
തീവണ്ടിനയോടുഞാൻ മിണ്ടി
കൗതുകം കൊണ്ടൊന്നു തോണ്ടി
കൂസാത്ത ഭാവത്തിൽ വണ്ടി
കൂകി വിളിച്ചങ്ങു മണ്ടി!

BY
അമിത്ത്

# പഴഞ്ചൊല്ലുകൾ

1. അരിയെത്ര ? പയറഞ്ഞാഴി

   ചോദിച്ചതിനുള്ള ഉത്തരം പറയാതിരിക്കുക.

2. അഴകുള്ള ചക്കയിൽ ചുളയില്ല

   പുറമേയുള്ള ഭംഗിമാത്രം. അന്തസാരമില്ല .

3. അപ്പം തിന്നാൽ മതി കുഴിയെണ്ണണ്ട .

   കാര്യം സാധിച്ചാൽ മതി .എങ്ങനെ സാധിച്ചു എന്ന് അറിയേണ്ട .

4. അഞ്ച് വിരലും ഒരുപോലല്ല .

   എല്ലാ മക്കളും ഒന്നുപോലെയാവില്ല .

5. അതിമോഹം കുടികെടുത്തും .

   അത്യാഗ്രഹം നാശമുണ്ടാക്കും .

6. അധികമായാൽ അമൃതും വിഷം .

   നല്ല സാധനമായാലും വളരെ കൂടിയാൽ കുഴപ്പമാണ് .

7. ഇടിവെട്ടിയവനെ പാമ്പ് കടിച്ചു .

   അപകടത്തിനുമേൽ മറ്റൊരപകടം .

8. ഉപ്പ് തിന്നവൻ വെള്ളം കുടിക്കും .

   തെറ്റ് ചെയ്തവൻ ശിക്ഷ അനുഭവിക്കും .

9. ഉള്ളിലുള്ളത് കണ്ണിലറിയാം .

   മുഖം മനസ്സിന്റെ കണ്ണാടിയാണ് .

10. ഏറ്റിവിട്ടിട്ട് ഏണി വലിക്കുക .

    സഹായിക്കുന്നതായി നടിച്ച് ചതിക്കുക .

# MONKEY GIRL




Sanna

Scanned with CamScanner

